(സി) ശില്പശാലകളുടെ നടത്തിപ്പിന് ചെലവഴിച്ച തുകയുടെ താല്ക്കാലിക കണക്ക് അനുബന്ധം† (ബി) യിൽ നൽകിയിട്ടുണ്ട്.

പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് മുഖേന പ്രചരണസാഹിത്യങ്ങൾ

108(1595) ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന എത്ര പ്രചരണസാഹിത്യങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്; ഇവ ഓരോന്നും എത്ര പേജുവീതമുണ്ട്;

(ബി) ഇവയുടെ എത്ര കോപ്പികൾ വീതം അച്ചടിച്ചു. ഇവയ്ക്കു വേണ്ടി എന്തു ചെലവ് വന്നിട്ടുണ്ട്;

(സി) ജനകീയാസൂത്രണത്തിന്റെ പേരിൽ ഇതുവരെ എത്ര പ്രചരണ സാഹിത്യങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്; ഇതിനോരോന്നിനും എത്ര പേജുവീത മുണ്ട്; ഇവയുടെ എത്രകോപ്പികൾ വീതം അച്ചടിച്ചുവെന്നും ഇതിനുവേണ്ടി എന്തു തുക ചെലവഴിച്ചുഎന്നും അറിയിക്കുമോ?

ഉത്തരം

(എ)&(ബി) പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രതിമാസ പ്രസിദ്ധീകരണങ്ങളായ ജനപഥവും കേരളാ കാളിംഗിനും പുറമേ 201 പ്രചരണ സാഹിത്യങ്ങൾ പുറപ്പെടുവിച്ചു. വിശദവിവരം അനുബന്ധമായി (അനുബന്ധം 1) ചേർത്തിരിക്കുന്നു. †

(സി) ഏഴ് എണ്ണം പബ്ലിക് റിലേഷൻസ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. (വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു) അനുബന്ധം -2. †

പത്തനംതിട്ട ജില്ലയിൽ യുദ്ധസ്മാരകം

109(1596) ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ യുദ്ധസ്മാരകം പണിയാനായി പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിന് സമീപം സ്ഥലം ലഭ്യമാക്കിയിട്ട് എത്ര നാളുകളായി;

(ബി) ഇവിടെ യുദ്ധസ്മാരകം പണിയാൻ സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ സ്ഥലത്ത് യുദ്ധസ്മാരകം പണിയുന്നതിനും വിമുക്തഭടന്മാരുടെ ചിരകാലാഭിലാഷം പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടി കൈക്കൊള്ളാൻ ജില്ലാ അധികാരികൾക്ക് നിർദ്ദേശം നല്കുമോ?

ഉത്തരം

(എ) ആറ് മാസത്തോളമായി.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly